(iii) RETRENCHMENT OF WORKERS BY PRIVATE BUS OWNERS IN TELLICHERY AND BADAGARA

ഡെപ്യൂട്ടി സ്പീക്കർ: വടകര പുഞ്ചിരി മോട്ടോർ സർവീസിലെ തൊഴിലാളികളെ പിരിച്ചുവിട്ടതിനെത്തുടർന്നുണ്ടായ സ്ഥിതിഗതികളെ അടിസ്ഥാനമാക്കി മിനിഞ്ഞാന്നു ശ്രീ. എൻ. കെ. ശേഷൻ ഉന്നയിച്ച പ്രശ്നത്തിനും ഇന്നലെ ശ്രീ. വി. ശ്രീധർ ചിറയിൻകീഴ് താലൂക്കിലെ കയർത്തൊഴിലാളികളുടെ തൊഴിലില്ലായ്മയെ സംബന്ധിച്ച് ഉന്നയിച്ച പ്രശ്നത്തിനും ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ മറുപടി പറയാനുണ്ട്.

ശ്രീ. മത്തായി മാഞ്ഞൂരാൻ: സർ, പുഞ്ചിരി മോട്ടോർ സർവീസിൽ തകരാറുണ്ടായതിന്റെ ഫലമായി അവിടത്തെ തൊഴിലാളികൾക്ക് ജോലിയില്ലായിരുന്നു. കഴിഞ്ഞ ആഴ്ച മാനേജുമെന്റും തൊഴിലാളിയൂണിയനും ചേർന്നു ഒരു ഒത്തുതീർപ്പുണ്ടായിട്ടുണ്ട്. അതിൽ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ: സർ, അങ്ങനെയൊരു ഒത്തുതീർപ്പുണ്ടായതായി അറിവില്ല. വടകര പുഞ്ചിരി ബസ് സർവീസിലെ അനവധി തൊഴിലാളികളെ അടുത്ത ദിവസം പിരിച്ചുവിട്ടിട്ടുണ്ടെന്നും, അങ്ങനെ പിരിച്ചുവിട്ടിട്ടുള്ള തൊഴിലാളികൾക്കു ഗവൺമെൻറ് സർവീസിൽ കെ. എസ്. ആർ. ന്റെ പുതിയ റൂട്ടുകളിൽ സർവീസ് ആരംഭിക്കുമ്പോൾ ജോലി നൽകണമെന്നുമാണ് അവർ നിവേദനം നടത്തിയിട്ടുള്ളത്. അതിനെ സംബന്ധിച്ച് ഗവൺമെൻറ് ഒരു നടപടിയും എടുത്തിട്ടില്ല. ഇന്നലെ കിട്ടിയ വിവരമനുസരിച്ചാണ് ഇതു പറയുന്നത്. ആ കാര്യംകൂടി പ്രത്യേകം പരിഗണിക്കേണ്ടതാണ്.

Deputy Speaker: In the light of the reply by the Minister, I withhold consent to the moving of the motion.

(iv) UNEMPLOYMENT OF COIR WORKERS IN CHIRAYINKIL

ഡെപ്യൂട്ടി സ്പീക്കർ: ചിറയിൻകീഴിൽ മൂവായിരം കയർതൊഴിലാളികൾക്കു ജോലിയില്ലാതായതിനെ സംബന്ധിച്ച് ശ്രീ. വി. ശ്രീധർ ഉന്നയിച്ച പ്രശ്നത്തിനു മറുപടി പറഞ്ഞില്ല.

ശ്രീ. മത്തായി മാഞ്ഞൂരാൻ: നാളെ മറുപടി പറയാം.

ശ്രീ. വി. ശ്രീധർ: ഇതിന്റെ അത്യാവശ്യകത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഇന്നലെത്തന്നെ ഇതു ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടത്. ഇനി നാളെ പറയാം എന്നാണ് ഇപ്പോൾ പറയുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: നാളെത്തന്നെ മറുപടി പറയും.

ശ്രീ. ടി. എ. മജീദ്: സർ, അവിടത്തെ തൊഴിലാളികൾ കുറെ ദിവസങ്ങളായി പട്ടിണിയിലാണ്. വളരെ ഗുരുതരമായ ഒരു അവസ്ഥയാണ് ചിറയിൻകീഴിലെ കയർതൊഴിലാളികളുടേത്.

ഡെപ്യൂട്ടി സ്പീക്കർ: നാളെത്തന്നെ മറുപടി പറയിക്കാം.

LIBRARY ARCHIVES Kerala Legislative Assembly